പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5598 02 .07.2019-ൽ മറുപടിയ്ക്ക്

## നീറ്റ്, എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ പരിശീലനം

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

മറുപടി

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നീറ്റ്, എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ പ്രശസ്തമായ പരിശീലന സ്ഥാപനങ്ങളിൽ താമസ ഭക്ഷണ സൗകര്യത്തോട് കൂടി 100 പേർക്ക് ഒരു മാസത്തെ ക്രാഷ് കോഴ്സ്, 80 പേർക്ക് 10 മാസത്തോളം നീണ്ടു നിൽക്കുന്ന റിപ്പീറ്റിംഗ് കോഴ്സ് എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടത്തിവരുന്നു. 2018-19 വർഷം 10 മാസക്കാലം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ 80 വിദ്യാർത്ഥികൾ പങ്കെടുക്കുകയും ആയതിൽ 70 വിദ്യാർത്ഥികളും, 2019 വർഷം ഒരു മാസത്തെ ക്രാഷ് പരിശീലന പരിപാടിയിൽ പങ്കെടുത്ത 97 വിദ്യാർത്ഥികളിൽ 44 വിദ്യാർത്ഥികളും നീറ്റ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുണ്ട്. കൂടാതെ വകുപ്പിന് കീഴിൽ സയൻസ് ബാച്ച് നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എല്ലാ +1, +2 വിദ്യാർത്ഥികൾക്കും പരീക്ഷാ പരിശീലനം നൽകി വരുന്നു. |
| ബി) | എങ്കിൽ ഓരോ ജില്ലയിലും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) | എസ്.റ്റി പ്രൊമോട്ടർമാർ മുഖേനയും പ്രാദേശിക പത്രങ്ങൾ മുഖേനയും വ്യാപക പ്രചരണം നടത്തി 2020-ലെ നീറ്റ്/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് മുമ്പായി 10 മാസത്തോളം നീണ്ടുനിൽക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രവേശന പരീക്ഷയ്ക്ക് ജില്ലാതലത്തിൽ +2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | ഈ പരിശീലനത്തിന് അർഹത നേടാൻ വേണ്ട യോഗ്യതകളും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സി) | പ്രവേശന പരീക്ഷാ കമ്മീഷണർ നിശ്ചയിച്ചിരിക്കുന്ന പൊതു മാനദണ്ഡങ്ങൾക്ക് പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ടി പരിശീലന അർഹതയുള്ളത്. പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. +2 സയൻസ് ബാച്ചുകളിലെ അവസാന വർഷ വിദ്യാർത്ഥികളിൽ നിന്നും NEET, KEAM തുടങ്ങിയ പൊതു പ്രവേശന പരീക്ഷകൾക്ക് അപേക്ഷ നൽകിയ 100 വിദ്യാർത്ഥികളെയാണ് ഒരു മാസത്തെ ക്രാഷ് കോഴ്സിനായി തെരഞ്ഞെടുക്കുന്നത്. +2 സയൻസ് വിഷയങ്ങളെടുത്ത് വിജയികളായവരിൽ +2 പരീക്ഷയിലും പ്രവേശന പരീക്ഷയിലും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് റിപ്പീറ്റ് കോഴ്സിലേക്ക് തെരഞ്ഞെടുക്കുന്നത്. മതിയായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ലഭിക്കാത്തപക്ഷം മുൻവർഷം പരിശീലനം നൽകിയ വിദ്യാർത്ഥികളിൽ നിന്നും താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഒരിക്കൽ കൂടി അവസരം നൽകിവരുന്നുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**